## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1702** **08/06/2018-ൽ മറുപടിയ്ക്ക്**

# കോന്നി വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗൺ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകുന്നതിനെ സംബന്ധിച്ച് വെയർഹൗസിംഗ് കോർപ്പറേഷൻ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നല്കിയതെന്നു വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽപ്പെട്ട ഐരവൺ വില്ലേജിലെ അരുവാപ്പുറം പഞ്ചായത്തിൽ ബ്ലോക്ക് 35-ൽ റീസർവ്വേ നമ്പർ.120-ഉം, ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ.146-ഉം, പന്തളം കൃഷിഭവന കീഴിൽ വരുന്നതുമായ 3 ഏക്കറോളം ഭൂമിയിൽ നിന്നും വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷ 15/07/2017-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്മേൽ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള തുടർ നടപടി വ്യക്തമാക്കാമോ ; | (ബി) (സി) & (ഡി) | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷയിൽ അഭിപ്രായം അറിയിക്കുന്നതിന് കൃഷി ഡയറക്ടർക്ക് 22/09/2017-ൽ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ കാർഷിക വികസന |

(contd.....2.)

| | |
|---|---|
| **(സി)** പ്രസ്തുത സ്ഥലം എന്നത്തേയ്ക്ക് വിട്ടുനൽകുമെന്ന് വെളിപ്പെടുത്തുമോ ; | കർഷകക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആകെയുള്ള 25 ഏക്കർ സ്ഥലത്തിൽ മറ്റ് വകുപ്പുകൾക്കായി വിട്ടുനൽകിയ ശേഷം ശേഷിച്ച 2 ഏക്കർ 84 സെന്റ് സ്ഥലം കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ട് എന്നും പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ട വ്യവസ്ഥയിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് വിട്ടുനൽകാവുന്നതാണെന്നും 29/05/2018-ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ഡി)** ആയയു സംബന്ധിച്ച ഫയൽ, തീരുമാനം കൈക്കൊള്ളാതെ അനന്തമായി താമസിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | |

**സെക്ഷൻ ഓഫീസർ**